(ബി)&(സി) മുൻഭരണസമിതി അംഗങ്ങളായ ശ്രീ. വി. ബാലൻ മാസ്റ്റർ, ശ്രീ. വി. അശോകൻ മാസ്റ്റർ, ശ്രീ. എം. നാരായണൻകുട്ടി, ശ്രീ. കെ.വി. വിശ്വനാഥൻ, മുൻജോയിന്റ് രജിസ്ട്രാർ ശ്രീ. ഇ.കെ. മൊയ്തീൻ, ഒരു സ്വകാര്യ വ്യക്തിയായ ശ്രീ. എം.ഒ. മാധവൻ മാസ്റ്റർ എന്നിവർക്കെതിരെയാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസ്സിന്റെ അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാൽ കൂടുതൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) ഈ കേസ്സിലെ പ്രതികളിൽ ഉദ്യോഗസ്ഥനായുള്ളത് സഹകരണവകുപ്പിൽ ജോയിന്റ് രജിസ്ട്രാർ ആയിരുന്ന ശ്രീ. ഇ.കെ. മൊയ്തീൻ ആണ്. അദ്ദേഹം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ട്. കേസ്സിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ, അനന്തര നടപടികൾ സംബന്ധിച്ച തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിലെ സഹകരണ വകുപ്പിന്റെ ഓഫീസ് കെട്ടിടവും റെക്കാർഡ് മുറിയും സംരക്ഷിക്കുന്ന നടപടി

128 (3529)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള പഴയ ഓഫീസ് കെട്ടിടവും റെക്കാർഡ് റൂമും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പഴയ കെട്ടിടം പുതുക്കി പണിയുന്നതിനും റിക്കാർഡുമുറി സംരക്ഷിക്കുന്നതിനുമായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കെട്ടിടം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പഴയകെട്ടിടം പുതുക്കി പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത് സർക്കാർ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനാണ്.

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

129 (3530)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 90 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇവയിൽ 84 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൺസ്യൂമർ ഫെഡറേഷൻ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക

130 (3531)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയിലും അവയുടെ യൂണിറ്റുകളിലുമായി നിയമിച്ചിട്ടുള്ള ദിവസക്കൂലിക്കാരായ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുടെ യൂണിറ്റുകളിലുമായി വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ ദിവസക്കൂലിക്ക് ജീവനക്കാരെ നിയമിക്കാറുള്ളൂ. അപ്രകാരം നിയമിക്കുന്നവരെ ആവശ്യകത കഴിയുന്ന മുറയ്ക്ക് സേവനം അവസാനിപ്പിക്കാറുണ്ട്. ആയതിനാൽ ഇത്തരത്തിൽ നിയമനം ലഭിച്ചവരുടെ ജാതിതിരിച്ചുള്ള കണക്ക് ഫെഡറേഷൻ പ്രത്യേകം ശേഖരിച്ചിട്ടില്ല.

പി. രാഘവൻ നായർക്ക് സർവ്വീസ് ആനുകൂല്യം നൽകണമെന്ന ആവശ്യം

131 (3532)ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാറുടെ കീഴിൽവരുന്ന ചിറക്കര സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും റിട്ടയർ ചെയ്ത പി. രാഘവൻനായർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണസംഘം ജീവനക്കാർക്ക് പെൻഷനാനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി കൊല്ലം ജോയിന്റ് / അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീ. പി. രാഘവൻ നായർക്ക് എന്തെങ്കിലും ആനുകൂല്യം നൽകുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ചിറക്കര സർവ്വീസ് സഹകരണ സംഘത്തിൽനിന്നും റിട്ടയർചെയ്ത ശ്രീ. പി. രാഘവൻനായർക്ക് പെൻഷൻ അനുവദിച്ചിട്ടില്ലെന്ന പരാതി സഹകരണസംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്.

ഈ പരാതിയിൻ മേൽ സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. സഹകരണ ജീവന

LIBRARY ARCHIVES Kerala Legislative Assembly